# പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :6214 10.07.12-ലെ മറുപടിയ്ക്ക്

കേരളാ റൂറൽ എംപ്ലോയ്മെന്റ് & വെൽഫയർ സൊസൈറ്റി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.വി.ശിവൻകുട്ടി : | | ഡോ.എം.കെ.മുനീർ (ബഹു:പഞ്ചായത്തുംസാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി) |
| (എ) ഗ്രാമപഞ്ചായത്തുകളിൽ തെരുവു വിളക്കുകൾ പ്രകാശിപ്പിക്കുന്നതിനാവശ്യമായ ബൾബുകളും മറ്റ് അനുബന്ധ സാമഗ്രികളും വാങ്ങി നൽകുന്നതിനുളള ചുമതല, കേരള റൂറൽ എംപ്ലോയ്മെന്റ് & വെൽഫെയർ സൊസൈറ്റി (ക്രൂസ്) എന്ന സ്ഥാപനത്തിനെ ഏൽപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഏൽപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) & (ബി) | ഗ്രാമപഞ്ചായത്തുകളിൽ തെരുവു വിളക്കുകൾ പ്രകാശിപ്പിക്കുന്നതിനാവശ്യമായ ബൾബുകളും മറ്റ് അനുബന്ധ സാമഗ്രികളും വാങ്ങി നൽകുന്നതിനുളള അനുമതി ക്രൂസ് എന്ന സ്ഥാപനത്തിന് നൽകിയിട്ടില്ല. ഇക്കാര്യത്തിൽ തീരുമാനമായിട്ടില്ല. |
| (ബി) എങ്കിൽ പ്രസ്തുത സ്ഥാപനത്തിന് ഈ മേഖലയിൽ ഉളള പ്രാഗത്ഭ്യം, മുൻപരിചയം എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ; | | |
| (സി) പ്രസ്തുത സ്ഥാപനം ഇപ്പോൾ ഏറ്റെടുത്തു നടത്തിക്കൊണ്ടിരിക്കുന്ന മറ്റു പ്രധാന ദൗത്യങ്ങൾ/ ചുമതലകൾ എന്നിവയെ സംബന്ധിച്ച് വിശദമാക്കുമോ? | (സി) | ക്രൂസ്സിന്റെ ഉടമസ്ഥതയിൽ ഗ്രാമലക്ഷ്മി മുദ്രാലയം എന്ന പേരിൽ രണ്ട് പ്രിന്റിംഗ് പ്രസ്സുകൾ പാലക്കാട് ജില്ലയിലെ കഞ്ചിക്കോട്ടും തിരുവനന്തപുരം ജില്ലയിലെ കല്ലിയൂരിലും പ്രവർത്തിച്ചു വരുന്നു. ഇവിടെ ഗ്രാമപഞ്ചായത്തുകളിലെയും, മുനിസിപ്പാലിറ്റികളിലെയും, മുനിസിപ്പൽ കോർപ്പറേഷനുകളിലെയും അച്ചടി ജോലികൾ |

ഏറ്റെടുത്ത് നടത്തി വരുന്നതിനോടൊപ്പം കുടുംബശ്രീ യൂണിറ്റുകളിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന അഭ്യസ്ഥവിദ്യരായ യുവജനങ്ങൾക്കായി പ്രിന്റിംഗിലും, ബൈന്റിംഗിലും തൊഴിൽ പരിശീലനവും പ്രസ്തുത പരിശീലനം പൂർത്തിയാക്കിയവർക്ക് കരാർ അടിസ്ഥാനത്തിൽ തൊഴിലും നൽകി വരുന്നു.

സെക്ഷൻ ഓഫീസർ